# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2533** | **08/5/2017** -ലെ മറുപടി

## അമൃത് പദ്ധതിയ്ക്ക് അനുവദിച്ച തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.മുരളീധരൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള വിതരണം സുഗമമാക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ "അമൃത്" പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ നാളിതുവരെ അനുവദിച്ചതും വക കൊള്ളിച്ചിട്ടുള്ളതുമായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരസഭകളിൽ കുടിവെള്ള വിതരണം ലഭ്യമാക്കുവാൻ വേണ്ടി 2015-16 സാമ്പത്തിക വർഷത്തിൽ 232.277 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 412.27 കോടി രൂപയും ഉള്ള പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ പ്രാഥമിക അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളിൽ 50% കേന്ദ്ര വിഹിതവും 30% സംസ്ഥാന വിഹിതവും 20% അതാത് നഗരസഭകളുടെ വിഹിതവുമാണ്. |
| (ബി) | ഈ തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ? | (ബി) | ഈ തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. പ്രസ്തുത പദ്ധതികളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബാക്കി പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ (SMMU) നിന്നും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകൾ വഴി പദ്ധതി നടപ്പിലാക്കി തുക ചെലവഴിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

JSK/